**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 12.03.2014 ന് തിരുവനന്തപുരം ജില്ലയിലെ സെന്റ് ആന്ഡ്രൂസ് കടപ്പുറത്ത് ഇടിച്ചു കയറിയ ആരിഫ മോൾ എന്ന മത്സ്യ ബന്ധനബോട്ടിനെ തിരികെ കടലിൽ ഇറക്കുന്നതിന് ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

G.O.(Rt)No.3191/2021/RD തീയതി,തിരുവനന്തപുരം, 22/09/2021

---

പരാമർശം:-

1. 16.11.2015 തീയതിയിലെ സ.ഉ (കൈ) നം. 608/15/റവ
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 24.09.2019, 09.04.2021,09.09.2021 എന്നീ തീയതികളിലെ എ5/99077/15 നമ്പർ കത്തുകൾ.

**ഉത്തരവ്**

12.03.2014 ന് തിരുവനന്തപുരം ജില്ലയിലെ സെന്റ് ആന്ഡ്രൂസ് കടപ്പുറത്ത് ഇടിച്ചു കയറിയ ആരിഫ മോൾ എന്ന മത്സ്യ ബന്ധനബോട്ടിനെ തിരികെ കടലിൽ ഇറക്കുന്നതിന് തിരുവനന്തപുരം ജില്ലാ ഭരണകൂടത്തിന് ചെലവായ 22,55,804/- രൂപ പരാമർശം (1) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിരുന്നു . അതിൽ 6,86,850/- രൂപയുടെ ബില്ലുകൾ വിശദ പരിശോധനയ്ക്കായി തിരുവനന്തപുരം തഹസിൽദാർക്ക് അയച്ച് കൊടുത്തതായും നീക്കിയിരിപ്പ് തുക സർക്കാർ നിർദ്ദേശ പ്രകാരം സറണ്ടർ ചെയ്യുവെന്നും എന്നാൽ ഇപ്പോൾ വിശദപരിശോധനയ്ക്ക് ശേഷം 4,57,650/- രൂപയുടെ ബില്ലുകൾ അനുവദിക്കാവുന്നതാണെന്ന് തഹസിൽദാർ ശുപാർശ ചെയ്തതായും ആയതിനാൽ ടി തുക അനുവദിക്കണമെന്നും കാണിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു ആരിഫ മോൾ എന്ന മത്സ്യ ബന്ധനബോട്ട് തിരികെ കടലിൽ ഇറക്കുന്നതിന് ചെലവായ 4,57,650/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3. വിതരണത്തിന് ആവശ്യമായി വരുന്ന 4,57,650/- രൂപ ( നാല് ലക്ഷത്തി അൻപത്തിയേഴായിരത്തി അറുന്നൂറ്റി അൻപത് രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Rari Rajan

Special Secretary

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Misha C P
Date: 22-09-2021 11:35:45
Reason: Approved

സെക്ഷൻ ഓഫീസർ